**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 149** **09-12-2022 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനത്തിലെ യു.ജി.സി. മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ഡോ. എം.കെ . മുനീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനങ്ങളിൽ യു.ജി.സി. നിയമം പാലിക്കപ്പെടുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) | 1956 ലെ യു.ജി.സി. നിയമത്തിൽ വൈസ് ചാൻസലർ നിയമനം സംബന്ധിച്ച നിബന്ധനകൾ ഉള്ളതായി കാണുന്നില്ല. എന്നാൽ വൈസ് ചാൻസലർമാരുടെ നിയമനം സംബന്ധിച്ച് യു.ജി.സി. റെഗുലേഷനുകളിലെ നിബന്ധനകൾക്ക് വിധേയമായി നിയമനം നടത്തുന്നത് ചാൻസലർ കൂടിയായ ബഹു. ഗവർണർ ആണ്. |
| (ബി) | സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും വൈസ് ചാൻസലർക്ക് സ്ഥാനം ഒഴിയേണ്ടതായി വന്നിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ എ.പി.ജെ. അബ്ദുൾ കലാം കേരള സാങ്കേതിക ശാസ്ത്ര സർവകലാശാലയിലെ വൈസ് ചാൻസലർ ഡോ.രാജശ്രീ എം.എസ്. സ്ഥാനം ഒഴിയുകയുണ്ടായി. |
| (സി) | വൈസ് ചാൻസലർമാരുടെ നിയമനത്തിന് ഒന്നിലേറെ പേരുകൾ നൽകണമെന്ന യു.ജി.സി. ചട്ടം സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) | യു.ജി.സി. ചട്ടങ്ങൾ സംസ്ഥാനത്തിന് ബാധകമായിട്ടുള്ളതും ഇതിനകം തന്നെ നടപ്പിലാക്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ